# GOVERNMENT OF KERALA

## Abstract

Science and Technology - Establishment of Vaccine Manufacturing Zone at Life Sciences Park, Thonnakkal, Thiruvananthapuram - Special Package for the Anchor Industries - Assignment of Kerala State Industrial Development Corporation as the Project Management Unit (PMU) - Framing of Vaccine Policy- Approved - Orders issued

## SCIENCE AND TECHNOLOGY (A) DEPARTMENT

G.O.(Ms)No.33/2021/S&TD Dated,Thiruvananthapuram, 10/09/2021

Read 1. Government Order (MS) Number.19/2021/S&TD dated 11/06/2021

2. Minutes of the review meeting on the proposal for setting up of Vaccine Production Centre in Kerala held on 23/07/2021

3. Minutes of the fourth meeting of the working group on Vaccine Production Centre in Kerala held on 27/07/2021

4. Government Order (MS) Number. 29/2021/S&TD dated 11/08/2021.

5. Government Order (MS) Number. 101/2020/ID dated 18/11/2020.

## ORDER

Kerala has excellent scope for establishing a Vaccine Manufacturing Zone at Life Sciences Park, Thonnakkal, Thiruvanathapuram. Considering the facts that vaccine manufacturing is a highly regulated capital- intensive industry, and that it has social relevance and employability potential, the State has to offer competitive and attractive incentives as a Special Package. Developing a vaccine

manufacturing zone along with the Institute of Advanced Virology in the same campus i.e, Life Sciences Park, Thonnakkal, will be a huge boost to the industrial sector in Kerala, as it will be a model for fostering industry-academia partnership in an industrial park.

2. To initiate action for the establishment of Vaccine Production Unit at Life Sciences Park, Thonnakkal, Thiruvanathapuram, a working group was constituted as per Government Order read as 1$^{st}$ paper above. A Technical Committee for preparing the criteria and evaluation of the Expression of interest and the RFQ documents for the Vaccine Production Unit was constituted as per Government Order read as 4$^{th}$ paper above.

3. Working group held meetings, workshops and one-to-one interactions with academicians, major vaccine manufacturing companies and contract manufacturing organizations. Based on these, a proposal was prepared taking into account the current offers of other states and presented in the meeting held on 23/7/2021. As per the minutes of the meeting read 2$^{nd}$ paper above, a ‘special package’ as an offer to the companies which may come forward as ‘Anchor Industries’ to establish Advanced Manufacturing Units with allied research and development facility at Life Sciences Park was prepared, along with a comparative statement on the packages being offered by other states. The working group meeting held on 27/7/2021 considered the same.

4. Government have examined the proposals of the working group and are pleased to order the following:-

I. A special package for the Anchor Industries which will establish either a vaccine fill finish or a vaccine manufacturing unit at the Life Sciences Park at Thonnakkal, as detailed below from (i) to (x) is approved.

i). Subsidised land on lease for 60 years with a subsidy of 50% on the Lease Premium. The lease premium is offered as Govt equity in the project, which will be recouped after a moratorium period of 10 years after commencement of operation. 50% of the equity will be recouped in the 11th year of operation and the remaining equity will be recouped as two equal instalments in the 12th and 13th year of operation. As per Government Order read as Paper 5 above, 50% reduction in land lease has been sanctioned to the lands allotted in Life Sciences Park Phase 1.

ii). Payment of Stamp Duty as per section 9(1)(a) of the Kerala Stamp Act, 1959 and the payment of Registration Fees as per section 78(2) of the Registration Act, 1908, for the purpose of registration of lease deed with Kerala State Industrial Development Corporation Ltd. is exempted.

iii). Financial Assistance by way of capital expenditure subsidy to cover upto 30% of the cost of equipment, plant and machinery subject to a cap of Rs.1 crore for the fill finish unit and Rs.5 crores for the vaccine manufacturing unit will be made available.

iv). Attractive loans with a longer term of repayment of 20 years, through state Government financial institutions at subsidised interest rate of 4 % per annum for the initial 5 years and at prevailing floating rate for the balance 15 years and a moratorium for commencement of repayment till 3 years after starting commercial operation will be made available. This loan limit is capped at Rs. 20 crores for the fill finish unit and Rs.30 crores for the vaccine manufacturing unit. The total loan amount is capped at Rs. 100 crore.

v). Single Window Clearance and Fast Track Approval will be given for the project within 30 days of application.

vi). A Power Tariff subsidy of Rs. 2 per unit in the billed amount to the anchor vaccine manufacturing and fill finish

units at the Life Sciences Park will be provided. This will be capped at Rs.1 crore per year for each fill finish unit and Rs.1.25 crore per year for each manufacturing unit. The total power subsidy for all the anchor units will be capped at Rs.4.5 crores per year for the whole project. The power tariff subsidy will be extended for a period of initial 5 years of commercial operation. The subsidy amount will be reimbursed to the industries annually by the state government upon submission of bills paid to the Kerala State Electricity Board.

vii). A Water charge subsidy of Rs.10 per KL in the billed amount for a period of two years from the commencement of operation will be provided. The subsidy amount will be reimbursed to the industries annually by the state government upon submission of bills paid to Kerala Water Authority. The water charge subsidy will be capped at Rs. 20 lakh per year for the whole project and Rs. 5 lakh per unit per year. The water charge subsidy will also be extended for a period of initial 5 years of commercial operation.

viii). With the objective of producing vaccines which are in demand in Kerala or vaccines which are procured by the government from open market, the counter guarantee from government on vaccine produced /Forward looking purchase order/ Privilege position for procurement through a purchase agreement for the vaccine producing companies will be decided on a case-to-case basis.

ix)The choice of vaccines, preferred mode of technology, infrastructure etc. may be determined by the companies, so that the companies are not denied advantages in the market.

x). The building which is being completed in the Life Sciences Park with an area of 85,000 sq.feet will be offered on an annual lease rent basis if the companies find the building suitable for setting up vaccine manufacturing units.

II. Kerala State Industrial Development Corporation (KSIDC) is hereby assigned as the Project Management Unit (PMU) for Establishing the Vaccine Units at the Life Sciences Park,

Thonnakkal. KSIDC is entrusted with floating of the expression of interest and for providing the infrastructure and facilitation for the vaccine industry units at the Life Sciences Park. A common effluent treatment plant, a solar plant and a biological waste management facility (for both solid and liquid) will be built and operated as a common facility by KSIDC for all the companies in the park. The state-of-the-art Animal House facility in the Indian Institute of Science Education and Research, (IISER), Vithura, Thiruvananthapuram will be utilized for the needs of the industries and for the Institute of Advanced Virology in consultation with IISER,Thiruvananthapuram. Common security systems, free high bandwidth internet connectivity (dedicated leased lines), accommodation facilities, common facilities like guest house, conference halls, auditorium, entertainment facilities, supply of safety gears like personal protective equipment kits etc. may also be made available at the park.

III. In connection with the establishment of Vaccine Units, the following - (a) to (f) - are approved

a). Two separate Expressions of Interest will be floated while inviting the companies: i) to set up fill finish unit and ii) to set up a manufacturing unit and allied research facility, at the Vaccine Manufacturing Zone at the Bio 360 Life Sciences Park, Thonnakkal under KSIDC.

b). The Expressions of Interest will be floated by the Project Management Unit (PMU) i.e, KSIDC

c). The special package will be included in the RFQ document.

d). The companies meeting the Minimum Eligibility criteria will be invited to submit their Technical and Financial Proposal at the RFQ stage.

e). The invited companies will be asked to make a presentation of their Technical & Financial Proposal before a Technical Committee to assess their technical capability and financial capability.

f). After evaluation by the Technical Committee, the qualifying companies will be considered as Anchor Industries and will be invited to set up their units at the park.

IV. Sri. Vijay Kumar Sistla, employee in HLL Biotech Limited (HBL) and a working group member of the Vaccine Production Unit Project may be appointed by KSIDC as the Consultant for setting up the Vaccine Production Unit at Life Sciences Park, with appropriate emoluments as decided by KSIDC;

V. A vaccine policy will be framed by the Health and Family Welfare Department for the State of Kerala. A team led by Dr. B. Ekbal will be entrusted with the assignment of developing the vaccine policy. The team will be formed in consultation with Dr. B. Ekbal.

(By order of the Governor)
Dr V P Joy
Chief Secretary

To:

Dr. Chitra. S. IAS, Project Director, Vaccine Production Project.

Sri. Vijay Kumar Sistla, H.NO. 34 Second Phase, J.P.N Nagar, Miyapur, Hyderabad -500049

Dr. B. Ekbal, Chairman, State Level expert Committee on Covid-19 Management.

Managing Director, Kerala State Industrial Development Corporation, Thiruvananthapuram.

Principal Accountant General (A&E/Audit), Kerala, Thiruvananthapuram

Finance Department (UO File No. PUC4/106/2021/Fin(1834340) dated 17/08/2021

Taxes Department (UO File No. Tax-J1/154/2021/TAX dated 06/09/2021

Health & Family Welfare Department

Industries Department

General Administration (SC) Department (Vide minutes of the Council of Ministers Item 234 dated 08/09/2021)

Information and Public Relations Department

Stock File/ Office Copy

Forwarded /By order

Section Officer

Copy to :-

Private secretary to Chief Minister
ACS, Finance
Principal Secretary, Health & Family Welfare Department
Principal Secretary, Industries Department
Secretary, Taxes Department

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-09-2021

ഫയൽ നം. എ3/122/2021/ശാ.സാ.വ. ഇനം നം: 234

വിഷയം : ശാസ്ത്ര സാങ്കേതിക വകുപ്പ് - തിരുവനന്തപുരത്തെ തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിൽ വാക്സിൻ ഉൽപ്പാദന മേഖല സ്ഥാപിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ

(1) - ഉപനിർദ്ദേശം (iii)-ൽ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തിക്കൊണ്ട് അംഗീകരിച്ചു.

"ഒരു കോടി രൂപയ്ക്കകത്ത്" എന്നത് "ഫിൽ ഫിനിഷ് യൂണിറ്റിന് ഒരു കോടി രൂപയ്ക്കകത്തും, വാക്സിൻ ഉത്പാദന യൂണിറ്റിന് അഞ്ച് കോടി രൂപയ്ക്കകത്തും" എന്ന ഭേദഗതിയോടെ അംഗീകരിച്ചു.

(2), (3) - അംഗീകരിച്ചു.

(4). നിലവിൽ HLL Bio-Tech Ltd-ലെ ഉദ്യോഗസ്ഥനായ ശ്രീ. വിജയകുമാർ സിസ്ലയെ കൺസൽട്ടന്റായി നിയമിക്കാമെന്ന ഭേദഗതിയോടെ അംഗീകരിച്ചു.

(5). അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

എക്സ്-ഒഫീഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്ര സാങ്കേതിക വകുപ്പ്

234

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പുകൾ

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | എ 3/122/2021/ശാ.സാ.വ. |
| 2. | വകുപ്പ് | : | ശാസ്ത്ര സാങ്കേതിക (എ) വകുപ്പ് |
| 3 | വിഷയം | : | തിരുവനന്തപുരത്തെ തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിൽ വാക്സിൻ ഉൽപ്പാദന മേഖല സ്ഥാപിക്കുന്നത് സംബന്ധിച്ച് : |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 02/09/2021 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | ആണ് |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | നികുതി വകുപ്പ് ഉണ്ട് |
| 7 | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.മധു ആർ |
| 8 | കരട് കുറിപ്പ് അംഗീകരിച്ച എക്സ് ഓഫീഷ്യോ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | പ്രൊഫ.(ഡോ)കെ.പി.സുധീർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് എക്സ് ഓഫീഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 06/09/21 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07/09/21 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 07/09/21 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 07/09/21 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | | |

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പുകൾ

തിരുവനന്തപുരത്തുള്ള തോന്നയ്ക്കലിലെ ലൈഫ് സയൻസസ് പാർക്കിൽ വാക്സിൻ ഉല്പാദനമേഖല സ്ഥാപിക്കുന്നതാണ് ഈ കുറിപ്പുകളിലെ വിഷയം.

2. തിരുവനന്തപുരത്തുള്ള തോന്നയ്ക്കലിലെ ലൈഫ് സയൻസസ് പാർക്കിൽ വാക്സിൻ ഉല്പാദനമേഖല സ്ഥാപിക്കുന്നതിന് ധാരാളം സാധ്യതകളുണ്ട്. വാക്സിൻ നിർമ്മാണം വളരെ നിയന്ത്രിതവും അത്യധികം മൂലധന നിക്ഷേപവും ആവശ്യമായ വ്യവസായം ആയതിനാലും, സാമൂഹിക പ്രസക്തിയും തൊഴിൽ സാധ്യതയും കണക്കിലെടുത്തും, മാത്സര്യവും ആകർഷകവുമായ ഘടകങ്ങളടങ്ങിയ പ്രേരകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പ്രത്യേക പാക്കേജ് സർക്കാർ വാഗ്ദാനം ചെയ്യേണ്ടതുണ്ട്. ഒരേ കാമ്പസിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിക്ക് ഒപ്പം ഒരു വാക്സിൻ നിർമ്മാണ മേഖല വികസിപ്പിക്കുന്നത് വ്യവസായ അക്കാദമിക്ക് പങ്കാളിത്തം വളർത്തുന്നതിനുള്ള ഒരു മാതൃകയാകും എന്നതിനാൽ കേരളത്തിലെ വ്യവസായ മേഖലയ്ക്ക് വലിയ ഊർജ്ജം പകരും.

3. തിരുവനന്തപുരത്തുള്ള തോന്നയ്ക്കലിലെ ലൈഫ് സയൻസസ് പാർക്കിൽ ഒരു വാക്സിൻ ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിനായി 11/6/2021 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നം 19/2021/ശാ.സാ.വ പ്രകാരം ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിരുന്നു. ടി വർക്കിംഗ് ഗ്രൂപ്പിന്റെ ആദ്യ യോഗം 16/6/2021 -ൽ ചേർന്നു. തുടർന്ന്, വർക്കിംഗ് ഗ്രൂപ്പ്, വൈറോളജി വിദഗ്ദരുമായി 24/6/2021 -ൽ വർക്ക്ഷോപ്പ് നടത്തി. പ്രമുഖ എട്ട് വാക്സിൻ ഉത്പാദന കമ്പനികളുമായും, ബന്ധപ്പെടാവുന്ന ഉൽപ്പാദക സംഘടനകളുമായും 03/7/2021 -ൽ നേരിട്ട് ബന്ധപ്പെട്ടു. മേൽപ്പറഞ്ഞ ആശയ വിനിമയങ്ങളുടെ അടിസ്ഥാനത്തിൽ, ഇതര സംസ്ഥാനങ്ങളുടെ വാഗ്ദാനങ്ങൾ അടിസ്ഥാനമാക്കി വ്യത്യസ്ത കമ്പനികൾ ഉന്നയിച്ച ആവശ്യങ്ങൾ അടങ്ങിയ ഒരു

ശിപാർശ തയ്യാറാക്കുകയും ആയത് 19/07/2021 -ൽ സമർപ്പിക്കുകയും ചെയ്തു. ടി ശിപാർശ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി, ബഹുമാനപ്പെട്ട വ്യവസായ വകുപ്പ് മന്ത്രി, ബഹുമാനപ്പെട്ട ആരോഗ്യവും കുടുംബ ക്ഷേമവും വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ പങ്കെടുത്ത 23/7/2021 തീയതിയിൽ ചേർന്ന യോഗത്തിൽ അവതരിപ്പിച്ചു. ടി യോഗത്തിൽ നിർദ്ദേശിച്ച പ്രകാരം , ലൈഫ് സയൻസസ് പാർക്കിൽ വിപുലമായ നിർമ്മാണ യൂണിറ്റുകളും അനുബന്ധ ഗവേഷണ വികസന സൗകര്യവും സ്ഥാപിക്കുവാൻ "ആങ്കർ വ്യവസായങ്ങളായി" മുന്നോട്ടു വരുന്ന കമ്പനികൾക്ക് നൽകേണ്ട സ്പെഷ്യൽ പാക്കേജ്, ഇതര സംസ്ഥാനങ്ങൾ നൽകുന്ന പാക്കേജുകളുടെ താരതമ്യ പ്രസ്താവനയോടൊപ്പം തയ്യാറാക്കുകയും, 27/7/2021 തീയതിയിൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ആയത് പരിഗണിക്കുകയും ചെയ്തു.

4. വിഷയവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന ശിപാർശകൾ സമർപ്പിക്കാവുന്നതാണ്.

I) ലൈഫ് സയൻസസ് പാർക്കിൽ വാക്സിൻ ഫിൽ ഫിനിഷ് അഥവാ വാക്സിൻ ഉത്പ്പാദന യൂണിറ്റ് സ്ഥാപിക്കുന്ന ആങ്കർ ഇൻഡസ്ട്രികൾക്കുള്ള പ്രത്യേക പാക്കേജ്:

i. ലീസ് പ്രീമിയത്തിന്റെ 50% സബ്സിഡിയോടെ 60 വർഷത്തേക്ക് ലീസിന് ഭൂമി നൽകാവുന്നതാണ്. ലീസ് പ്രീമിയം സംരഭത്തിനായുള്ള സർക്കാരിന്റെ ഓഹരിയായി കണക്കാക്കാവുന്നതും, പ്രവർത്തനം തുടങ്ങി 10 വർഷം മൊറട്ടോറിയ കാലാവധിക്കു ശേഷം ടി തുക കമ്പനിയിൽ നിന്നും തിരികെ ഈടാക്കാവുന്നതും ആണ്. ഓഹരിയുടെ 50% പതിനൊന്നാം പ്രവർത്തന വർഷത്തിൽ ഈടാക്കാവുന്നതും, ബാക്കിയുള്ള ഓഹരി രണ്ട് തുല്യ ഗഡുക്കളായി 12, 13 പ്രവർത്തന വർഷങ്ങളിൽ ഈടാക്കാവുന്നതുമാണ്. 18/11/2020 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ .101/2020/ഐഡി പ്രകാരം ലൈഫ് സയൻസസ് പാർക്ക് ഘട്ടം 1 ൽ ഭൂമി അനുവദിക്കുമ്പോൾ പാട്ടത്തിൽ 50% കുറവ് അനുവദിച്ചിട്ടുണ്ട് .

ii. ലീസ് ഡീഡ് രജിസ്റ്റർ ചെയ്യുമ്പോഴുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും പ്രതിപൂരണം ചെയ്യാവുന്നതാണ്.ലൈഫ് സയൻസസ് പാർക്കിലുള്ള എല്ലാ വ്യവസായങ്ങൾക്കും ഈ ആനുകൂല്യം നൽകുന്നുണ്ട് .

iii. ഉപകരണങ്ങൾ, പ്ലാന്റ്, യന്ത്രങ്ങൾ എന്നിവയുടെ വിലയുടെ 30% വരെയുള്ള തുക, ഒരു കോടി രൂപയ്ക്കകത്ത് നിജപ്പെടുത്തി, സബ്സിഡി നിരക്കിലെ മൂലധനസഹായം എന്ന നിലയിൽ നൽകാവുന്നതാണ്.

iv. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങൾ മുഖേന , പ്രാരംഭ 5 വർഷത്തേക്ക് പ്രതിവർഷം 4% സബ്സിഡി പലിശ നിരക്കിലും, ബാക്കി 15 വർഷത്തേക്ക് നിലവിലുള്ള ഫ്ലോട്ടിങ്ങ് നിരക്കിലും, വാണിജ്യ പ്രവർത്തനങ്ങൾ തുടങ്ങി 3 വർഷത്തിനു ശേഷം മാത്രം തിരിച്ചടവ് ആരംഭിക്കുന്നതിനുള്ള മൊറട്ടോറിയത്തോടെ, 20 വർഷത്തെ ദീർഘകാല തിരിച്ചടവ് നിശ്ചയിച്ച് ആകർഷമായ വായ്പകൾ നൽകാവുന്നതാണ്. ഒരു ഫിൽ ഫിനിഷ് യൂണിറ്റിനുള്ള വായപാ പരിധി 20 കോടി രൂപയ്ക്കകത്തും , ഒരു വാക്സിൻ ഉല്പാദന യൂണിറ്റിനുള്ള വായ്പാ പരിധി 30 കോടി രൂപയ്ക്കകത്തും നിജപ്പെടുത്താവുന്നതും ആകെ വായ്പാ തുക 100 കോടി രൂപയ്ക്കകത്ത് നിജപ്പെടുത്താവുന്നതുമാണ്.

v. സംരഭത്തിന് ഏകജാലക ക്ലിയറൻസും അതിവേഗ ട്രാക്ക് അംഗീകാരവും 30 ദിവസത്തിനുള്ളിൽ നൽകാവുന്നതാണ്.

vi. ലൈഫ് സയൻസസ് പാർക്കിലുള്ള ആങ്കർ വാക്സിൻ ഉല്പാദന യൂണിറ്റിനും ഫിൽ ഫിനിഷ് യൂണിറ്റിനും ബിൽ തുകയിൽ ഒരു യൂണിറ്റിന് 2 രൂപ പവർ താരിഫ് സബ്സിഡി നൽകാവുന്നതാണ്. ഓരോ ഫിൽ ഫിനിഷ് യൂണിറ്റിനും ആയത് പ്രതി വർഷം ഒരു കോടി രൂപയ്ക്കകത്തും , ഓരോ വാക്സിൻ ഉല്പാദന യൂണിറ്റിനും ആയത് പ്രതി വർഷം 1.25 കോടി രൂപയ്ക്കകത്തും നിജപ്പെടുത്താവുന്നതാണ്. പവർ താരിഫ് സബ്സീഡി വാണിജ്യ പ്രവർത്തനത്തിന്റെ പ്രാരംഭ 5 വർഷ കാലയളവിലേക്ക് നൽകാവുന്നതാണ്. പ്രതിവർഷം വ്യവസായങ്ങൾക്ക് ടി സബ്സിഡി തുക കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് പണമടച്ച ബില്ലുകൾ സമർപ്പിക്കുമ്പോൾ, സംസ്ഥാന സർക്കാർ പ്രതിപൂരണം ചെയ്ത് നൽകാവുന്നതാണ്.

vii. പ്രവർത്തനം ആരംഭിച്ച് രണ്ട് വർഷത്തേക്കുള്ള ബിൽ തുകയിൽ ഒരു കെഎല്ലിന് 10 രൂപ വാട്ടർ ചാർജ് സബ്സിഡി നൽകാവുന്നതാണ്. വാർഷികാടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് പണമടച്ച ബില്ലുകൾ സമർപ്പിക്കുമ്പോൾ, സബ്സിഡി തുക സംസ്ഥാന സർക്കാർ വ്യവസായങ്ങൾക്ക് പ്രതിപൂരണം ചെയ്യാവുന്നതാണ്. വാട്ടർ ചാർജ് സബ്സിഡി മുഴുവൻ പ്രോജക്ടിനും പ്രതിവർഷം പരമാവധി 20 ലക്ഷം രൂപയായും ഒരു യൂണിറ്റിന് പ്രതിവർഷം 5 ലക്ഷം രൂപയായും നിജപ്പെടുത്താവുന്നതാണ്. വാട്ടർ ചാർജ് സബ്സിഡി വാണിജ്യ പ്രവർത്തനത്തിന്റെ പ്രാരംഭ 5 വർഷത്തെ കാലയളവിലേക്ക് ദീർഘിപ്പിക്കാവുന്നതാണ്.

viii. കേരളത്തിന് ആവശ്യമായ വാക്സിനുകളോ, ഓപ്പൺ മാർക്കറ്റിൽ നിന്ന് സർക്കാർ വാങ്ങുന്ന വാക്സിനുകളോ ഉത്പാദിപ്പിക്കണമെന്ന ലക്ഷ്യത്തോടെ, വാക്സിൻ ഉത്പാദിപ്പിക്കുന്ന കമ്പനികൾക്ക് സർക്കാരിൽ നിന്നും കൗണ്ടർ ഗ്യാരന്റി/ പുരോഗമനപരമായ പർച്ചേസ് ഓർഡറുകൾ / പർച്ചേസ് ഉടമ്പടികൾ മുഖേന വാങ്ങുന്നതിന് മുൻഗണന എന്നിവ ഓരോ കേസും പ്രത്യേകം പ്രത്യേകമായി പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്.

ix. തോന്നയ്ക്കലിലെ ലൈഫ് സയൻസസ് പാർക്കിലുള്ള വാക്സിൻ ഉൽപാദന മേഖലയിൽ ഫിൽ ഫിനിഷ് വാക്സിൻ ഉത്പ്പാദന യൂണിറ്റ് / സമ്പൂർണ്ണ ഉത്പ്പാദന യൂണിറ്റ് / ഗവേഷണ സൗകര്യം എന്നിവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന എല്ലാ ആങ്കർ യൂണിറ്റുകൾക്കും കമ്പനികൾക്കും പ്രത്യേക പാക്കേജ് നൽകാവുന്നതാണ്.

II. ലൈഫ് സയൻസസ് പാർക്കിൽ പൂർത്തിയാകുന്ന 85,000 ചതുരശ്ര അടി കെട്ടിടം, വാക്സിൻ ഉത്പ്പാദന യൂണിറ്റുകൾ സ്ഥാപിക്കുവാനായി അനുയോജ്യമാണെന്ന് കമ്പനികൾ ഉറപ്പു വരുത്തിയാൽ ടി കെട്ടിടം വാർഷിക ലീസ് റെന്റ് അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.വിപണിയിൽ നിർമ്മാണ കമ്പനികൾക്ക് ഉണ്ടാകാവുന്ന നേട്ടം നിഷേധിക്കാതിരിക്കുവാൻ, ഉത്പ്പാദിപ്പക്കേണ്ട വാക്സിൻ, ഉപയോഗിക്കേണ്ട സാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യം തുടങ്ങിയവ കമ്പനികൾക്ക് നിശ്ചയിക്കാവുന്നതാണ്.

ഠ

അടിസ്ഥാന
III. ലൈഫ് സയൻസസ് പാർക്കിലെ വാക്സിൻ വ്യവസായ യൂണിറ്റുകളുടെ ഫ്ലോട്ട്
സൗകര്യങ്ങളും ഇതര ആവശ്യങ്ങളുടേയും എക്സ്പ്ലഷൻ ഓഫ് ഇന്ററസ്റ്റ് പ്രവർത്തിക്കുന്ന
ചെയ്യേണ്ട പിഎംയു ആയിരിക്കും കെഎസ്ഐഡിസി. പാർക്കിൽ സോളാർ
എല്ലാ കമ്പനികൾക്കുമായി, ഒരു പൊതു മലിനജല ശുദ്ധീകരണ പ്ലാന്റ്, ഒരു KSIDC
പ്ലാന്റ്, ഒരു ജൈവ മാലിന്യ സംസ്കരണ കേന്ദ്രം (ഖര, ദ്രാവകം ) എന്നിവ ഓഫ്
നിർമ്മിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്. വിതുരയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് അത്യാധുനിക
സയൻസ് , എജ്യുക്കേഷൻ ആൻഡ് റിസർച്ചിൽ നിലവിലുള്ള ഓഫ്
അനിമൽ ഹൗസ് സൗകര്യം വിപുലീകരിക്കാവുന്നതും ആയത് ഇൻസ്റ്റിറ്റ്യൂട്ട് ആവശ്യങ്ങൾക്കായി
അഡ്വാൻസ്ഡ് വൈറോളജിയുടെയും വ്യവസായങ്ങളുടെയും സുരക്ഷാ
അനുമതിയോടെ പ്രയോജനപ്പെടുത്താവുന്നതുമാണ്. പൊതു കണക്ടിവിറ്റി,
സംവിധാനങ്ങൾ, സൗജന്യ ഉയർന്ന ബാൻഡ്വിഡ്ത്ത് ഇന്റർനെറ്റ് ഹൗസ്,
(സമർപ്പിത ലീസ്ഡ് ലൈനുകൾ), താമസ സൗകര്യങ്ങൾ, ഗസ്റ്റ് കിറ്റുകൾ
കോൺഫറൻസ് ഹാളുകൾ, ഓഡിറ്റോറിയം, വിനോദ സൗകര്യങ്ങൾ, PPE എന്നിവ
പോലുള്ള സുരക്ഷാ സംവിധാനങ്ങളുടെ തടസ്സ രഹിതമായ വിതരണം
പാർക്കിൽ ഉറപ്പുവരുത്താവുന്നതാണ്.

ലൈഫ്
IV. കെ.എസ്.ഐ.ഡി.സി-യുടെ കീഴിലുള്ള തോന്നക്കൽ ബയോ 360 യൂണിറ്റും ii)
സയൻസസ് പാർക്കിൽ വാക്സിൻ ഉല്പാദന മേഖലയിൽ I) ഫിൽ ഫിനിഷ് സ്ഥാപിക്കുന്നതിനായി
ഉത്പ്പാദന യൂണിറ്റും അനുബന്ധ ഗവേഷണ സൗകര്യവും ഇൻട്രസ്റ്റുകൾ
കമ്പനികളെ ക്ഷണിക്കുന്നതിന് രണ്ട് വ്യത്യസ്ത എക്സ്പ്രെഷൻ ഓഫ് 'RFQ
തയ്യാറാക്കാവുന്നതാണ്. പ്രത്യേക പാക്കേജ് അംഗീകരിക്കുന്ന പക്ഷം യോഗ്യതാ
പ്രമാണത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഏറ്റവും കുറഞ്ഞ സാങ്കേതികവും
മാനദണ്ഡങ്ങൾ പാലിക്കുന്ന കമ്പനികളെ അവരുടെ സമർപ്പിക്കുവാനായി
സാമ്പത്തികവുമായ ശിപാർശകൾ RFQ ഘട്ടത്തിൽ ശേഷിയും
ക്ഷണിക്കാവുന്നതാണ്. സാങ്കേതിക ശേഷിയും സാമ്പത്തിക അവരുടെ
വിലയിരുത്തുന്നതിന് അവർ ഒരു സാങ്കേതിക സമിതിക്ക് മുന്നിൽ

സാങ്കേതികവും സാമ്പത്തികവുമായ ശിപാർശകൾ അവതരിപ്പിക്കേണ്ടതാണ്. സാങ്കേതിക സമിതിയുടെ വിലയിരുത്തലിന് ശേഷം, യോഗ്യതയുള്ള കമ്പനികളെ ആങ്കർ ഇൻഡസ്ട്രീസ് ആയി പരിഗണിക്കുകയും പാർക്കിൽ അവരുടെ യൂണിറ്റുകൾ സ്ഥാപിക്കാൻ ക്ഷണിക്കുകയും ചെയ്യാവുന്നതാണ്.

V. 'ലൈഫ് സയൻസസ് പാർക്കിൽ വാക്സിൻ പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കൺസൾട്ടന്റായി, ഹൈദരാബാദിൽ സ്ഥിതി ചെയ്യുന്ന റെഡ്ഡീസ് ലാബിലെ വാക്സിൻ വിദഗ്ദ്ധനും വാക്സിൻ പ്രൊഡക്ഷൻ യൂണിറ്റ് പ്രൊജക്ട് വർക്കിംഗ് ഗ്രൂപ്പ് അംഗവുമായ വിജയകുമാർ സിസ്റ്റയെ, കെ.എസ്.ഐ.ഡി.സി നിശ്ചയിക്കുന്ന അനുയോജ്യമായ പ്രതിഫലം നൽകി നിയമിക്കാവുന്നതാണ്.

VI. കേരള സംസ്ഥാനത്തിനായി ഒരു വാക്സിൻ നയം രൂപീകരിക്കാവുന്നതാണ്. ഡോ.ബി.ഇക്ബാലിന്റെ നേതൃത്വത്തിലുള്ള ഒരു ടീമിനെ വാക്സിൻ നയം വികസിപ്പിക്കുന്നതിനായുള്ള ചുമതല ഏൽപ്പിക്കാവുന്നതും, ആയതിനായുള്ള ടീമിനെ ഡോ. ഇക്ബാലുമായി കൂടിയാലോചിച്ച് രൂപീകരിക്കാവുന്നതുമാണ്. ഇതിനുള്ള നടപടി ആരോഗ്യ വകുപ്പ് സ്വീകരിക്കേണ്ടതാണ്

VII. വാഗ്ദാനം ചെയ്യുന്ന ആനുകൂല്യങ്ങളുടെ നിരക്ക് കണക്കാക്കുന്നത് സംബന്ധിച്ച്

ലൈഫ് സയൻസ് പാർക്കിൽ വാക്സിൻ ഫിൽ ഫിനിഷ് അല്ലെങ്കിൽ വാക്സിൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്ന ആങ്കർ ഇൻഡസ്ട്രീസിന് , പ്രതിവർഷം പ്രത്യേക പാക്കേജിലെ ആനുകൂല്യങ്ങളെ അടിസ്ഥാനമാക്കി നൽകുന്ന താൽക്കാലിക നിരക്കിലുള്ള സബ്സിഡികൾ ചുവടെ ചേർക്കുന്നു. വാക്സിൻ നിർമ്മാണ മേഖലയിൽ 2 വാക്സിൻ നിർമ്മാണ യൂണിറ്റുകളും 2 ഫിൽ ഫിനിഷ് യൂണിറ്റുകളും സ്ഥാപിക്കുമെന്ന അനുമാനത്തിലാണ് സബ്സിഡികൾ കണക്കാക്കിയിരിക്കുന്നത്.

ർ

i.ലീസ് പ്രീമിയത്തിന്റെ 50% സബ്സിഡിയോടെ 60 വർഷത്തേക്ക് ലീസിന് ഭൂമി നൽകാവുന്നതാണ്.

18/11/2020 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ .101/2020/ഐഡി പ്രകാരം ലൈഫ് സയൻസസ് പാർക്ക് ഘട്ടം 1 ൽ ഭൂമി അനുവദിക്കുമ്പോൾ പാട്ടത്തിൽ 50% കുറവ് അനുവദിച്ചിട്ടുണ്ട് . എൽഎസ്പിയുടെ ഒന്നാം ഘട്ടത്തിലെ 20 ഏക്കർ സ്ഥലത്താണ് വാക്സിൻ നിർമ്മാണ മേഖല സ്ഥിതിചെയ്യുന്നത് എന്നതിനാൽ വാക്സിൻ നിർമ്മാണ മേഖലക്കുള്ളിലെ ആങ്കർ യൂണിറ്റുകൾക്ക് സബ്സിഡി ലീസ് പ്രീമിയം സ്വയമേവ ലഭിക്കാൻ അർഹതയുണ്ടാകും. ഈ ആനുകൂല്യം വ്യാപിപ്പിക്കുന്നതിലൂടെ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.

ii. സ്റ്റാമ്പ് ഡ്യൂട്ടിയുടേയും രജിസ്ട്രേഷൻ ഫീസിന്റേയും പ്രതിപൂരണം .

ഈ ആനുകൂല്യം സംസ്ഥാനത്തെ വ്യാവസായിക പാർക്കുകളിൽ നിലവിൽ ലഭ്യമായിട്ടുള്ളതിനാൽ ആയത് അധിക സാമ്പത്തിക ബാധ്യതയില്ലാതെ ആങ്കർ വ്യവസായങ്ങൾക്ക് കൂടി നൽകാവുന്നതാണ്.

iii. ഉപകരണങ്ങൾ, പ്ലാന്റ്, യന്ത്രങ്ങൾ എന്നിവയുടെ വിലയുടെ 30%, ഒരു കോടി രൂപയ്ക്കകത്ത് നിജപ്പെടുത്തി, സബ്സിഡി നിരക്കിലെ മൂലധനസഹായമായി നൽകാവുന്നതാണ്.

സബ്സിഡിയുടെ അളവ് കണക്കാക്കൽ -2 വാക്സിൻ നിർമ്മാണ യൂണിറ്റുകളും 2 ഫിൽ ഫിനിഷ് യൂണിറ്റുകളും സ്ഥാപിക്കാവുന്നതാണ് എന്ന അനുമാനത്തിൽ പരമാവധി സബ്സിഡി 4 കോടി രൂപയായി നിജപ്പെടാത്താവുന്നതാണ്.

iv. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങൾ മുഖേന,പ്രാരംഭ 5 വർഷത്തേക്ക് പ്രതിവർഷം 4 % സബ്സിഡി പലിശ നിരക്കിലും, ബാക്കി 15 വർഷത്തേക്ക് നിലവിലുള്ള ഫ്ലോട്ടിംഗ് നിരക്കിലും, വാണിജ്യ പ്രവർത്തനങ്ങൾ തുടങ്ങി 3 വർഷത്തിന് ശേഷം മാത്രം തിരിച്ചടവ് ആരംഭിക്കുന്നതിനുള്ള മൊറട്ടോറിയത്തോടെ 20 വർഷത്തെ ദീർഘകാല തിരിച്ചടവ് നിശ്ചയിച്ച് ആകർഷമായ വായ്പകൾ നൽകാവുന്നതാണ്. ഫിൽ ഫിനിഷ് യൂണിറ്റിനുള്ള വായ്പാ പരിധി 20 കോടി രൂപയ്ക്കും വാക്സിൻ ഉൽപ്പാദന യൂണിറ്റിനുള്ള വായ്പാ പരിധി 30 കോടി രൂപയ്ക്കും നിജപ്പെടുത്താവുന്നതും ആകെ വായ്പ തുക 100 കോടി രൂപയായി നിജപ്പെടുത്താവുന്നതുമാണ്.

സബ്സിഡിയുടെ കണക്കാക്കൽ - പരമാവധി സബ്സിഡി പ്രതിവർഷം 4.25 കോടി രൂപയായി 5 വർഷത്തേക്ക് നിജപ്പെടുത്താവുന്നതാണ്. (പ്രവർത്തനം ആരംഭിച്ച് 4 മുതൽ 8 വർഷം വരെ)

v. ഒരു യൂണിറ്റിന് 2 രൂപ നിരക്കിൽ, ബിൽ തുകയിൽ വൈദ്യുതി നിരക്കിൽ സബ്സിഡി

സബ്സിഡിയുടെ അളവ് - സംമ്പൂർണ്ണ പ്രവർത്തന ക്ഷമതയുള്ള ഒരു യൂണിറ്റിന്റെ പ്രവർത്തന ചെലവിന്റെ ഏറ്റവും വലിയ ഘടകങ്ങളിലൊന്നാണ് വൈദ്യുതി നിരക്ക്. 2 വാക്സിൻ നിർമ്മാണ യൂണിറ്റുകളും 2 ഫിൽ ഫിനിഷ് യൂണിറ്റുകളും പരിഗണിക്കുമ്പോൾ വൈദ്യുതി നിരക്ക് പ്രതിമാസം ഏകദേശം 1.5 കോടി രൂപയായിരിക്കും , അതായത് പ്രതിവർഷം 18 കോടി രൂപ.

എല്ലാ ആങ്കർ യൂണിറ്റുകളുടെയും വൈദ്യുതി നിരക്കിലുള്ള സബ്സിഡി മുഴുവൻ പ്രതിവർഷം 4.5 കോടി രൂപയായി നിജപ്പെടുത്താം. (ആകെ പദ്ധതിക്കുമായി പ്രതിവർഷം 4.5 കോടി രൂപയായി നിജപ്പെടുത്താം. (ആകെ പദ്ധതിക്കുമായി

യൂണിറ്റിലെയും ഓരോ ഫിൽ ഫിനിഷ് യൂണിറ്റിന് പ്രതിവർഷം 1 കോടി രൂപയും നിർമ്മാണ യൂണിറ്റിന് 1.25 കോടി രൂപയും ആയി നിജപ്പെടുത്താം. വൈദ്യുതി നിരക്ക് സബ്സിഡി വാണിജ്യ പ്രവർത്തനത്തിന്റെ പ്രാരംഭ 5 വർഷത്തേക്ക് നീട്ടാം.

യൂണിറ്റുകൾ കെഎസ്ഇബിക്ക് പൂർണ്ണ തുക അടക്കേണ്ടതും ആയതിന് ശേഷം സർക്കാരിൽ നിന്നും സബ്സിഡി ആവശ്യപ്പെടേണ്ടതുമാണ്.

vi. ഒരു കി.ലി -ന് 10 രൂപ നിരക്കിൽ ബിൽ തുകയിൽ വാട്ടർ ചാർജ് സബ്സിഡി നൽകാവുന്നതാണ്. ഇത് ഏകദേശം പ്രതിദിനം 15 കി.ലി ആകാം.

സബ്സിഡിയുടെ അളവ് - 2 വാക്സിൻ നിർമ്മാണ യൂണിറ്റുകളും 2 ഫിൽ ഫിനിഷ് യൂണിറ്റുകളും പരിഗണിക്കുകയാണെങ്കിൽ, വാണിജ്യ പ്രവർത്തന ഘട്ടത്തിൽ പ്രതിദിനം 200 - 250 KLD ജലത്തിന്റെ ആവശ്യകതയുണ്ടാകും . ഒരു വ്യാവസായിക യൂണിറ്റിലുള്ള ഓരോ ഫിൽ ഫിനിഷ് യൂണിറ്റിനും പ്രതിവർഷം 1 കോടിയും , നിർമ്മാണ യൂണിറ്റിന് 1.25 കോടിയും ആയി ഇത് നിജപ്പെടുത്താവുന്നതാണ്. വാട്ടർ സബ്സിഡി വാണിജ്യ പ്രവർത്തനത്തിന്റെ പ്രാരംഭ 5 വർഷത്തേക്ക് നീട്ടാവുന്നതുമാണ്.

VIII. സംസ്ഥാന സർക്കാരിന് സബ്സിഡികൾ മൂലമുണ്ടാകുന്ന ആകെ ബാധ്യത ചുവടെ ചേർക്കാവുന്നതാണ്.

വാണിജ്യ ഉൽപ്പാദനം ആരംഭിക്കുന്നതിന് മുമ്പുള്ള കാലയളവിൽ:

i. മൂലധന ചെലവ് സബ്സിഡി - 4 കോടി രൂപ

വാണിജ്യ ഉൽപ്പാദനം ആരംഭിച്ചതിന് ശേഷമുള്ള കാലയളവിൽ:

i. വൈദ്യുതി നിരക്ക് സബ്സിഡി - ആദ്യ 5 വർഷത്തെ വാണിജ്യ പ്രവർത്തനത്തിന് പ്രതിവർഷം 4.5 കോടി രൂപ

ii.വാട്ടർ ചാർജ് സബ്സിഡി - ആദ്യ 5 വർഷത്തേക്ക് വാണിജ്യ പ്രവർത്തനത്തിന് പ്രതിവർഷം 20 ലക്ഷം രൂപ

iii.വായ്പ സബ്സിഡി - ആദ്യ 5 വർഷത്തെ വാണിജ്യ പ്രവർത്തനത്തിന് പ്രതിവർഷം 4.25 കോടി രൂപ. (പ്രവർത്തനം ആരംഭിച്ച് 4 മുതൽ 8 വർഷം വരെ)

5) ശിപാർശയിന്മേൽ അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ഫയൽ ധനകാര്യ വകുപ്പിലേക്ക് അയക്കുകയും. ടി വകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

"The Administrative Department is informed that Finance Department concur to the proposal."

"Agreed with the proposals to be placed before the Council as per DFA."

6) ശിപാർശയിന്മേൽ അഭിപ്രായം രേഖപ്പെടുത്തുന്നതിനായി ഫയൽ നികുതി വകുപ്പിലേക്ക് അയക്കുകയും. ടി വകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു.

"Considering that the State has accorded top priority to the project of setting up a Vaccine Manufacturing Unit, and also that many States are offering similar incentives to companies for similar projects, this department agrees to place the matter of granting exemption from the payment of Stamp Duty as per

section 9(1)(a) of the Kerala Stamp Act, 1959 and exemption from the payment of Registration Fees as per section 78(2) of the Registration Act,1908, for the purpose of registration of lease deed with KSIDC, before the Council of Ministers for a suitable policy decision.

This has the approval of Hon'ble Minister( Finance)"

7) വിഷയം മന്ത്രി സഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവുണ്ടാകുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയങ്ങൾ

1) തോന്നയ്ക്കലിലെ ലൈഫ് സയൻസസ് പാർക്കിൽ വാക്സിൻ ഫിൽ ഫിനിഷ് അഥവാ വാക്സിൻ ഉല്പാദന യൂണിറ്റ് ആരംഭിക്കാൻ തയ്യാറാകുന്ന ആങ്കർ വ്യവസായങ്ങൾക്ക് ചുവടെ (i) മുതൽ (x) വരെ ചേർത്തിട്ടുള്ള വിധം ഒരു പ്രത്യേക പാക്കേജ് അംഗീകരിക്കാവുന്നതാണോ;

i). ലീസ് പ്രീമിയത്തിന്റെ 50% സബ്സിഡിയോടെ 60 വർഷത്തേക്ക് ലീസിന് ഭൂമി നൽകാവുന്നതാണ്. ലീസ് പ്രീമിയം സംരഭത്തിനായുള്ള സർക്കാരിന്റെ ഓഹരിയായി കണക്കാക്കാവുന്നതും, പ്രവർത്തനം തുടങ്ങി 10 വർഷം മൊറട്ടോറിയ കാലാവധിക്കു ശേഷം ടി തുക കമ്പനിയിൽ നിന്നും തിരികെ ഈടാക്കാവുന്നതും ആണ്. ഓഹരിയുടെ 50% പതിനൊന്നാം പ്രവർത്തന വർഷത്തിൽ ഈടാക്കാവുന്നതും, ബാക്കിയുള്ള ഓഹരി രണ്ട് തുല്യ ഗഡുക്കളായി 12, 13 പ്രവർത്തന വർഷങ്ങളിൽ ഈടാക്കാവുന്നതുമാണ്. 18/11/2020 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ .101/2020/ഐഡി പ്രകാരം ലൈഫ് സയൻസസ് പാർക്ക് ഘട്ടം 1 ൽ ഭൂമി അനുവദിക്കുമ്പോൾ പാട്ടത്തിൽ 50% കുറവ് അനുവദിച്ചിട്ടുണ്ട്.

ii). K.S.I.D.C യുമായുള്ള പാട്ട കരാർ രജിസ്റ്റർ ചെയ്യുന്നതിന് 1959 ലെ കേരള സ്റ്റാമ്പ് ആക്റ്റിന്റെ സെക്ഷൻ 9(1)(a)പ്രകാരം അടയ്ക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടിയും 1908 ലെ രജിസ്ട്രേഷൻ ആക്റ്റിന്റെ സെക്ഷൻ 78(2)പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കി നൽകാവുന്നതാണ്.

iii). ഉപകരണങ്ങൾ, പ്ലാന്റ്, യന്ത്രങ്ങൾ എന്നിവയുടെ വിലയുടെ 30%, വരെയുള്ള തുക ഒരു കോടി രൂപയ്ക്കകത്ത് നിജപ്പെടുത്തി, സബ്സിഡി നിരക്കിലെ മൂലധനസഹായം എന്ന നിലയിൽ നൽകാവുന്നതാണ്.

iv). സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങൾ മുഖേന , പ്രാരംഭ 5 വർഷത്തേക്ക് പ്രതിവർഷം 4% സബ്സിഡി പലിശ നിരക്കിലും, ബാക്കി 15 വർഷത്തേക്ക് നിലവിലുള്ള ഫ്ലോട്ടിങ്ങ് നിരക്കിലും, വാണിജ്യ പ്രവർത്തനങ്ങൾ തുടങ്ങി 3 വർഷത്തിന് ശേഷം മാത്രം തിരിച്ചടവ് ആരംഭിക്കുന്നതിനുള്ള മൊറട്ടോറിയത്തോടെ, 20 വർഷത്തെ ദീർഘകാല തിരിച്ചടവ് നിശ്ചയിച്ച് ആകർഷമായ വായ്പകൾ നൽകാവുന്നതാണ്. ഫിൽ ഫിനിഷ് യൂണിറ്റിനുള്ള വായപാ പരിധി 20 കോടി രൂപയ്ക്കകത്തും , വാക്സിൻ ഉല്പാദന യൂണിറ്റിനുള്ള വായ്പാ പരിധി 30 കോടി രൂപയ്ക്കകത്തും നിജപ്പെടുത്താവുന്നതും ആകെ വായ്പാ തുക 100 കോടി രൂപയ്ക്കകത്ത് നിജപ്പെടുത്താവുന്നതുമാണ്.

v). സംരഭത്തിന് ഏകജാലക ക്ലിയറൻസും അതിവേഗ ട്രാക്ക് അംഗീകാരവും 30 ദിവസത്തിനുള്ളിൽ നൽകാവുന്നതാണ്.

vi). ലൈഫ് സയൻസസ് പാർക്കിലുള്ള ആങ്കർ വാക്സിൻ ഉല്പാദന യൂണിറ്റിനും ഫിൽ ഫിനിഷ് യൂണിറ്റിനും ബിൽ തുകയിൽ ഒരു യൂണിറ്റിന് 2 രൂപ പവർ താരിഫ് സബ്സിഡി

നൽകാവുന്നതാണ്. ഓരോ ഫിൽ ഫിനിഷ് യൂണിറ്റിനും ആയത് പ്രതി വർഷം ഒരു കോടി രൂപയുടെ വരെയും, ഓരോ വാക്സിൻ ഉല്പാദന യൂണിറ്റിനും ആയത് പ്രതി വർഷം 1.25 കോടി രൂപയുടെ വരെയും നിജപ്പെടുത്താവുന്നതാണ്. പവർ താരിഫ് സബ്സിഡി വാണിജ്യ പ്രവർത്തനത്തിന്റെ പ്രാരംഭ 5 വർഷ കാലയളവിലേക്ക് ദീർഘിപ്പിക്കാവുന്നതാണ്. പ്രതി വർഷം വ്യവസായങ്ങൾക്ക് ടി സബ്സിഡി തുക കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് പണമടച്ച ബില്ലുകൾ സമർപ്പിക്കുമ്പോൾ, സംസ്ഥാന സർക്കാർ പ്രതിപൂരണം ചെയ്ത് നൽകാവുന്നതാണ്.

vii). പ്രവർത്തനം ആരംഭിച്ച് രണ്ട് വർഷത്തേക്കുള്ള ബിൽ തുകയിൽ ഒരു കെഎല്ലിന് 10 രൂപ വാട്ടർ ചാർജ് സബ്സിഡി നൽകാവുന്നതാണ്. വാർഷികാടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് പണമടച്ച ബില്ലുകൾ സമർപ്പിക്കുമ്പോൾ, സബ്സിഡി തുക സംസ്ഥാന സർക്കാർ വ്യവസായങ്ങൾക്ക് പ്രതിപൂരണം ചെയ്യാവുന്നതാണ്. വാട്ടർ ചാർജ് സബ്സിഡി മുഴുവൻ പ്രോജക്റ്റിനും പ്രതിവർഷം പരമാവധി 20 ലക്ഷം രൂപയായും ഒരു യൂണിറ്റിന് പ്രതിവർഷം 5 ലക്ഷം രൂപയായും നിജപ്പെടുത്താവുന്നതാണ്. വാട്ടർ ചാർജ് സബ്സിഡി വാണിജ്യ പ്രവർത്തനത്തിന്റെ പ്രാരംഭ 5 വർഷത്തെ കാലയളവിലേക്ക് ദീർഘിപ്പിക്കാവുന്നതാണ്.

viii). കേരളത്തിന് ആവശ്യമായ വാക്സിനുകളോ, ഓപ്പൺ മാർക്കറ്റിൽ നിന്ന് സർക്കാർ വാങ്ങുന്ന വാക്സിനുകളോ ഉത്പാദിപ്പിക്കണമെന്ന ലക്ഷ്യത്തോടെ, വാക്സിൻ ഉത്പാദിപ്പിക്കുന്ന കമ്പനികൾക്ക് സർക്കാരിൽ നിന്നും കൗണ്ടർ ഗ്യാരന്റി/ പുരോഗമനപരമായ പർച്ചേസ് ഓർഡറുകൾ /പർച്ചേസ് ഉടമ്പടികൾ മുഖേന വാങ്ങുന്നതിന് മുൻഗണന എന്നിവ ഓരോ കേസും പ്രത്യേകം പ്രത്യേകമായി പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്.

ix). വിപണിയിൽ നിർമ്മാണ കമ്പനികൾക്ക് ഉണ്ടാകാവുന്ന നേട്ടം നിഷേധിക്കാതിരിക്കുവാൻ, ഉത്പ്പാദിപ്പക്കേണ്ട വാക്സിൻ, ഉപയോഗിക്കേണ്ട

സാങ്കേതികവിദ്യ അടിസ്ഥാന സൗകര്യം തുടങ്ങിയവ കമ്പനികൾക്ക് തീരുമാനിക്കാവുന്നതാണ്.

x). ലൈഫ് സയൻസസ് പാർക്കിൽ പൂർത്തിയാകുന്ന 85,000 ചതുരശ്ര അടി കെട്ടിടം, വാക്സിൻ ഉത്പ്പാദന യൂണിറ്റുകൾ സ്ഥാപിക്കുവാനായി അനുയോജ്യമാണെന്ന് കമ്പനികൾ ഉറപ്പ് വരുത്തിയാൽ ടി കെട്ടിടം വാർഷിക ലീസ് റെന്റ് അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

2. ലൈഫ് സയൻസസ് പാർക്കിലെ വാക്സിൻ വ്യവസായ യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങളും ഇതര ആവശ്യങ്ങളുടേയും എക്സ്റ്റൻഷൻ ഓഫ് ഇന്ററസ്റ്റ് ഫ്ലോട്ട് ചെയ്യേണ്ട പി.എം.യു ആയിരിക്കും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ. പാർക്കിൽ പ്രവർത്തിക്കുന്ന എല്ലാ കമ്പനികൾക്കുമായി, ഒരു പൊതു മലിനജല ശുദ്ധീകരണ പ്ലാന്റ്, ഒരു സോളാർ പ്ലാന്റ്, ഒരു ജൈവ മാലിന്യ സംസ്കരണ കേന്ദ്രം (ഖര, ദ്രാവകം ) എന്നിവ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷന് നിർമ്മിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്. വിതുരയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് , എജ്യുക്കേഷൻ ആൻഡ് റിസർച്ചിൽ നിലവിലുള്ള അത്യാധുനിക അനിമൽ ഹൗസ് സൗകര്യം വിപുലീകരിക്കാവുന്നതും ആയത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെയും വ്യവസായങ്ങളുടെയും ആവശ്യങ്ങൾക്കായി അനുമതിയോടെ പ്രയോജനപ്പെടുത്താവുന്നതുമാണ്. പൊതു സുരക്ഷാ സംവിധാനങ്ങൾ, സൗജന്യ ഉയർന്ന ബാൻഡ്‌വിഡ്ത്ത് ഇന്റർനെറ്റ് കണക്റ്റിവിറ്റി, (സമർപ്പിത ലീസ്ഡ് ലൈനുകൾ), താമസ സൗകര്യങ്ങൾ, ഗസ്റ്റ് ഹൗസ്, കോൺഫറൻസ് ഹാളുകൾ, ഓഡിറ്റോറിയം, വിനോദ സൗകര്യങ്ങൾ, PPE കിറ്റുകൾ പോലുള്ള സുരക്ഷാ സംവിധാനങ്ങളുടെ തടസ്സ രഹിതമായ വിതരണം എന്നിവ പാർക്കിൽ ഉറപ്പുവരുത്താവുന്നതാണ്. മേൽ പറഞ്ഞ സൗകര്യങ്ങൾ അനുവദിക്കാമോ;

3. വാക്സിൻ ഉല്പാദന യൂണിറ്റ് സ്ഥാപനവുമായി ബന്ധപ്പെട്ട് ചുവടെ (a)മുതൽ (f) വരെ ചേർത്തിട്ടുള്ള ശിപാർശകൾ അംഗീകരിക്കാവുന്നതാണോ;

a). കെഎസ്ഐഡിസിയുടെ കീഴിലുള്ള തോന്നക്കൽ ബയോ 360 ലൈഫ് സയൻസസ് പാർക്കിൽ വാക്സിൻ ഉല്പാദന മേഖലയിൽ i) ഫിൽ ഫിനിഷ് യൂണിറ്റും ii) ഉത്പ്പാദന യൂണിറ്റും അനുബന്ധ ഗവേഷണ സൗകര്യവും സ്ഥാപിക്കുന്നതിനായി കമ്പനികളെ ക്ഷണിക്കുന്നതിന് രണ്ട് വ്യത്യസ്ത എക്സ്പ്രെഷൻ ഓഫ് ഇൻട്രസ്റ്റുകൾ തയ്യാറാക്കാവുന്നതാണ്.

b). ടി എക്സ്പ്രെഷൻ ഓഫ് ഇൻട്രസ്റ്റുകൾ പി.എം.യു (കെ.എസ്.ഐ.ഡി.സി) ഫ്ലോട്ട് ചെയ്യാവുന്നതാണ്.

c). പ്രത്യേക പാക്കേജ് അംഗീകരിക്കുന്ന പക്ഷം 'RFQ പ്രമാണത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

d). ഏറ്റവും കുറഞ്ഞ യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്ന കമ്പനികളെ അവരുടെ സാങ്കേതിക, സാമ്പത്തിക ശിപാർശകൾ സമർപ്പിക്കുവാനായി RFQ ഘട്ടത്തിൽ ക്ഷണിക്കാവുന്നതാണ്.

e). സാങ്കേതിക ശേഷിയും സാമ്പത്തിക ശേഷിയും വിലയിരുത്തുന്നതിന് അവർ ഒരു സാങ്കേതിക സമിതിക്ക് മുന്നിൽ അവരുടെ സാങ്കേതികവും സാമ്പത്തികവുമായ ശിപാർശകൾ അവതരിപ്പിക്കേണ്ടതാണ്.

f). സാങ്കേതിക സമിതിയുടെ വിലയിരുത്തലിന് ശേഷം, യോഗ്യതയുള്ള കമ്പനികളെ ആങ്കർ ഇൻഡസ്ട്രീസ് ആയി പരിഗണിക്കുകയും പാർക്കിൽ അവരുടെ യൂണിറ്റുകൾ സ്ഥാപിക്കാൻ ക്ഷണിക്കുകയും ചെയ്യാവുന്നതാണ്.

4. 'ലൈഫ് സയൻസസ് പാർക്കിൽ വാക്സിൻ പ്രൊഡക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കൺസൾട്ടന്റായി, വാക്സിൻ പ്രൊഡക്ഷൻ യൂണിറ്റ് വർക്കിംഗ് ഗ്രൂപ്പ് അംഗവും ഹൈദരാബാദിൽ സ്ഥിതി ചെയ്യുന്ന റെഡ്ഡീസ് ലാബിലെ വാക്സിൻ വിദഗ്ദ്ധനുമായ വിജയകുമാർ സിസ്ലയെ (House No.34 Second phase, JPN Nagar, Miyapur, Hyderabad-500049) ; കെ.എസ്.ഐ.ഡി.സി നിശ്ചയിക്കുന്ന അനുയോജ്യമായ പ്രതിഫലം നൽകി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ- ന് നിയമിക്കാവുന്നതാണോ;

5. കേരള സംസ്ഥാനത്തിനായി സംസ്ഥാന ആരോഗ്യ വകുപ്പ് ഒരു വാക്സിൻ നയം രൂപീകരിക്കാവുന്നതാണോ; ഡോ.ബി.ഇക്ബാലിന്റെ നേതൃത്വത്തിലുള്ള ഒരു ടീമിനെ വാക്സിൻ നയം വികസിപ്പിക്കുന്നതിനായുള്ള ചുമതല ഏൽപ്പിക്കാവുന്നതും,ആയതിനായുള്ള ടീമിനെ ഡോ. ബി.ഇക്ബാലുമായി കൂടിയാലോചിച്ച് രൂപീകരിക്കാവുന്നതുമാണോ?